**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4539** 17.12.2014 ലെ മറുപടിക്ക്

**മാതൃകാ പട്ടികജാതി കോളനി നവീകരണപദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | മാതൃകാ പട്ടികജാതി കോളനി നവീകരണ പദ്ധതിയിൽ എത്ര കോളനികളാണ് നവീകരിച്ചിട്ടുള്ളത്; എന്ത് മാനദണ്ഡ പ്രകാരമാണ് ഇതിനായി കോളനികളെ തെരെഞ്ഞെടുക്കുന്നത്; | (എ) | പട്ടികജാതി കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സ്വയം പര്യാപ്ത ഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിനായി 2012-13-ൽ 113 കോളനികളെയും 2013-14-ൽ 103 കോളനികളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളത്.'കില'യുടെ സർവ്വേ റിപ്പോർട്ട് പ്രകാരം അൻപതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളിൽ നിന്നും വികസന പ്രക്രിയയിൽ ഗണ്യമായ നേട്ടമൊന്നും കൈവരിച്ചിട്ടില്ലാത്ത കോളനികളെയാണ് സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | അടിസ്ഥാന സൗകര്യ വികസനം ആവശ്യമുള്ള കോളനികളെ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; മാതൃകാ കോളനി നവീകരണത്തിന് അടുത്ത സാമ്പത്തിക വർഷം എത്ര കോളനികളെയാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ബി) | സ്വീകരിക്കുന്നതാണ്.<br>കിലയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കോളനികളെയാണ് സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. അടുത്ത സാമ്പത്തിക വർഷം എത്ര കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ